"ഭരണഭാഷ മാതൃഭാഷ"

നം.എൻ എം. എ(3)/48203/17/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 08/08/2017.

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം-ഉച്ചഭക്ഷണ പദ്ധതി - ഓണത്തോടനുബന്ധിച്ച് സ്കൂൾ കുട്ടികൾക്ക് 5 Kg സ്പെഷ്യൽ അരി വിതരണം കാര്യക്ഷമമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഗവൺമെന്റ് ഉത്തരവ് നംപർ. ജി.ഒ (ആർ.ടി)നം.3680/2017/പൊ.വി.വ തീയതി. 08/08/2017.

മേൽ സൂചനയിലേക്ക് അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഓണത്തോടനുബന്ധിച്ച് സ്പെഷ്യൽ അരി വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി താഴെപറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) UID/EID ഇല്ലാത്ത കുട്ടിൾക്ക് സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതിന് മുൻപ് അവരുടെ രക്ഷിതാക്കളുടെ തിരിച്ചറിയൽ കാർഡ്/റേഷൻ കാർഡ് പരിശോധിച്ച് യഥാർത്ഥ ഗുണഭോക്താവാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) നിലവിലുള്ള സ്പെഷ്യൽ അരി വിതരണ രജിസ്റ്ററിൽ UID/EID/Election ID/Ration Card No. കൂടി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) ആഗസ്റ്റ് 26-ാം തീയതിക്ക് മുൻപായി സ്പെഷ്യൽ അരി വിതരണം പൂർത്തിയാക്കേണ്ടതും വിതരണത്തിന്റെ വിശദാംശങ്ങൾ (കുട്ടികളുടെ എണ്ണം, വിതരണം ചെയ്ത അരിയുടെ അളവ് എന്നിവ ഉൾപ്പെടെ)സ്റ്റേറ്റ്മെന്റ് ആയി തയ്യാറാക്കേണ്ടതും ടി സ്റ്റേറ്റ്മെന്റ് അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് 26-8-2017 ന് 5.00 PM ന് മുൻപായി ഇ-മെയിൽ ചെയ്ത് നൽകേണ്ടതുമാണ്. സ്കൂളുകളിൽ നിന്ന് ലഭിച്ച റിപ്പോർട്ട് ക്രോഡീകരിച്ച് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ 31-8-2017 ന് മുൻപായി പ്രത്യേക ദൂതൻ മുഖാന്തിരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ നൂൺമീൽ സെക്ഷനിൽ എത്തിക്കേണ്ടതുമാണ്. സ്കൂളുകൾക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുമുള്ള സ്റ്റേറ്റ്മെന്റിന്റെ മാതൃക ഇതോടൊപ്പം നൽകുന്നു.

(....മറുപുറം....)

| ക്രമ നംപർ | സ്കൂൾ കോഡ് | സ്കൂളിന്റെ പേര് | ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം | ആകെ വിതരണം ചെയ്ത അരിയുടെ അളവ് | വിതരണം പൂർത്തീകരിച്ച ദിവസം |
|---|---|---|---|---|---|
| | | | | | |

വിശ്വസ്തതയോടെ,

പൊതു വിദ്യാഭ്യാസ ഡയറക്ടർ